പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7291     16.07.2012 ൽ മറുപടിക്ക്

# കുറ്റ്യാടി മണ്ഡലത്തിലെ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ലതിക : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത കുറ്റ്യാടി മണ്ഡല പരിധിയിൽ വരുന്ന പ്രവൃത്തികൾ ഏതെല്ലാം; വ്യക്തമാക്കുമോ ; | (എ) ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത കുറ്റ്യാടി മണ്ഡല പരിധിയിൽ വരുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.<br>1. തോടന്നൂർ ഇടിഞ്ഞകടവ് റോഡിൽ 1/250 മുതൽ 5/900 വരെ ഉപരിതലം പുതുക്കൽ<br>എസ്റ്റിമേറ്റ് തുക : 45,00,000/-<br>45 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി.<br>2. വില്യാപ്പള്ളി - ആയഞ്ചേരി റോഡിൽ കി.മീ. 0/000 മുതൽ 2/000 വരെ ഉപരിതലം പുതുക്കൽ.<br>എസ്റ്റിമേറ്റ് തുക : 23,00,000/-<br>23,00,000 രൂപയ്ക്ക് ഭരണാനുമതി നൽകി.<br>3. തിരുവള്ളൂർ - ആയഞ്ചേരി റോഡിൽ കി.മീ. 2/000 മുതൽ 4/000 വരെ ഉപരിതലം പുതുക്കൽ.<br>എസ്റ്റിമേറ്റ് തുക : 20,10,000/-<br>ഭരണാനുമതി - 20.10 ലക്ഷം രൂപയ്ക്ക് നൽകി. |
| ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ ? | (ബി). 1. തോടന്നൂർ -ഇടിഞ്ഞകടവ് റോഡ് പ്രവൃത്തിക്ക് (167/10-11) എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ്സ് ഓഫീസിൽ നിന്ന് നമ്പർ ഡി.ആർ.167/10-11 തീയതി: 23.02.2011 പ്രകാരം സാങ്കേതിക അനുമതി നല്കുകയും 28.02.2011, 23.06.2011, 11.08.2011, 31.12.2011 എന്നീ ദിവസങ്ങളിൽ ടെണ്ടർ ചെയ്യുകയും ചെയ്തു. എന്നാൽ ഇവയ്ക്ക് കോൺട്രാക്ടർമാരിൽ നിന്ന് യാതൊരു വിധ പ്രതികരണവും ലഭിച്ചിട്ടില്ല.<br>2. വില്യാപ്പള്ളി - ആയഞ്ചേരി റോഡ് പ്രവൃത്തിയ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സിന്റെ ഓഫീസിൽ നിന്ന് നമ്പർ ഡി.ആർ/41/11-12 |

തീയതി: 16.08.2011 പ്രകാരം സാങ്കേതികാനുമതി നൽകുകയും, 26.08.2011, 02.09.2011, 14.10.2011, 19.10.2011, 31.12.2011 എന്നീ ദിവസങ്ങളിൽ ടെണ്ടർ ചെയ്യുകയും ചെയ്തു. എന്നാൽ ഇവയ്ക്ക് കോൺട്രാക്ടർമാരിൽ നിന്ന് യാതൊരു വിധ പ്രതികരണവും ലഭിച്ചിട്ടില്ല.

3. തിരുവല്ലൂർ - ആയഞ്ചേരി റോഡ് പ്രവൃത്തിയ്ക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ, റോഡ്സ് & ബ്രിഡ്ജസ് ഓഫീസിൽ നിന്ന് നമ്പർ ഡി.സി.10/4864/2010 തീയതി:10/01/2011 പ്രകാരം സാങ്കേതികാനുമതി നൽകുകയും 14.10.2011, 31.12.2011 എന്നീ ദിവസങ്ങളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ്സ് ഓഫീസിൽ നിന്ന് ടെണ്ടർ ചെയ്യുകയും ചെയ്തു. എന്നാൽ ഇവയ്ക്ക് കോൺട്രാക്ടർമാരിൽ നിന്ന് യാതൊരു വിധ പ്രതികരണവും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ